പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2529

12.03.2020 -ലെ മറുപടിയ്ക്ക്

## പാചക വാതക വിതരണകേന്ദ്രങ്ങളിൽ നടത്തിയ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പാചക വാതക വിതരണകേന്ദ്രങ്ങളിൽ തൊഴിൽ വകുപ്പ് ഈയിടെ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ പാചകവാതക വിതരണ മേഖലയിൽ തൊഴിൽ വകുപ്പ് 25/02/2020-ന് സംസ്ഥാന വ്യാപകമായി സ്ക്വാഡ് ഇൻസ്പെക്ഷൻ നടത്തിയിരുന്നു. ടി പരിശോധനയിൽ 198 സ്ഥാപനങ്ങളിലായി 1219 പുരുഷ തൊഴിലാളികളും 311 സ്ത്രീ തൊഴിലാളികളുമടക്കം ആകെ 1530 തൊഴിലാളികളെ നേരിൽ കണ്ട് നടത്തിയ അന്വേഷണത്തിൽ 126 തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ലെന്നും, ചില സ്ഥാപനങ്ങളിൽ നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ് നിയമ പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മിനിമം വേതന നിയമം, കോൺട്രാക്ട് ലേബർ നിയമം, മെറ്റേർണിറ്റി ബെനിഫിറ്റ് നിയമം, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമം എന്നിവ പ്രകാരമുള്ള ലംഘനങ്ങളും കണ്ടെത്തിയിട്ടുണ്ട്. പരിശോധന നടത്തിയ മിക്ക സ്ഥാപനങ്ങളും വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വേതനം നൽകുന്നില്ല എന്നും കണ്ടെത്തി. |
| ബി) തൊഴിലാളികൾക്ക് വേതന സുരക്ഷാ പദ്ധതിയിലൂടെ മിനിമം വേതനം നൽകുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) നിയമ ലംഘനം നടത്തിയവർക്കെതിരെ ഇതിനകം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | സി) കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള സമയ പരിധിയിൽ പരിഹരിക്കുന്നില്ലെങ്കിൽ നിയമപ്രകാരം തുടർനടപടി സ്വീകരിച്ച് പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതും, മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുമാണ്. |

Anishad

**സെക്ഷൻ ഓഫീസർ**